# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: പി.ആർ.(1)06/2023/ഗ.വി./4(1)

തിരുവനന്തപുരം
23.01.2023

## പ്രസിദ്ധീകരണത്തിന്

## 2023 ജനുവരി 23 ന് ചേർന്ന കമ്മിഷൻ യോഗതീരുമാനം

### ഐ.ടി.ഐ. അടിസ്ഥാന യോഗ്യത ഉത്തരവ്: നിലവിലുള്ള വിജ്ഞാപനങ്ങൾക്ക് ബാധകമാവില്ല

ഐ.ടി.ഐ. അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഉയർന്ന യോഗ്യതയുള്ളവരെ പരിഗണിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് 17.01.2023-ന് മുൻപുള്ള വിജ്ഞാപനങ്ങൾക്ക് ബാധകമാക്കേണ്ടതില്ലെന്ന് കമ്മിഷൻ തീരുമാനിച്ചു. അതിനു ശേഷമുള്ള വിജ്ഞാപനങ്ങൾക്ക് ഉത്തരവ് ബാധകമാക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തുവാനും തീരുമാനിച്ചു.

### പരീക്ഷയെഴുതാത്തവരുടെ പ്രൊഫൈൽ മരവിപ്പിക്കും

പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം മുൻകൂട്ടി കണ്ടെത്തുവാനും അതനുസരിച്ച് പരീക്ഷയുടെ തയ്യാറെടുപ്പുകൾ കൃത്യതയോടെ നടപ്പിലാക്കുവാനുമാണ് കൺഫർമേഷൻ സമ്പ്രദായം കൊണ്ടുവന്നത്. എന്നാൽ കൺഫർമേഷൻ നൽകിയിട്ടും പരീക്ഷ എഴുതാത്തവരുടെ എണ്ണം സമീപകാലത്ത് വർദ്ധിച്ചുവരുന്നതായി കമ്മിഷൻ വിലയിരുത്തി. ഇത് പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്ന സാഹചര്യത്തിൽ കൺഫർമേഷൻ നൽകിയിട്ടും പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ മരവിപ്പിക്കുന്നതടക്കമുള്ള കർശനമായ നടപടികളിലേക്ക് കടക്കുവാൻ കമ്മിഷൻ തീരുമാനിച്ചു.

**സെക്രട്ടറി**
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ